"ഭരണഭാഷാ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം- 14

## അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം
(നിലവിൽ: സന്തോഷ് കുമാർ.റ്റി.കെ)

എ3/19909/12 തീയതി: 22.4.2014

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

പരാമർശം:- 1. ജി.ഒ (പി) നം.85/2011/ഫിൻ തീയതി, 26.2.2011.
2. എ3/30845/13-ാം നമ്പർ 18.1.2014 ലെ നടപടിക്രമം.

പരാമർശം (1) ലെ ശമ്പളപരിഷ്ക്കരണ ഉത്തരവ് പ്രകാരം സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകൾ സംയോജിപ്പിച്ച് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്ന ഒറ്റ തസ്തികയാക്കുകയും എൽ.ഡി.ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളുടെ റേഷ്യോ 1:1:1 എന്നാക്കി മാറ്റുകയും ചെയ്യുകയുണ്ടായി.

വ്യാവസായിക പരിശീലനവകുപ്പിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 23 തസ്തികകളാണ് ഉള്ളത്. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സേവനത്തിലുണ്ടായിരുന്ന 2 ജീവനക്കാർ സേവനത്തിൽ നിന്നും വിരമിയ്ക്കുകയും ഒരാൾക്ക് പരാമർശം (2) പ്രകാരം യു.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് തസ്തികമാറ്റം ലഭിയ്ക്കുകയും വഴി സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ 3 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ടി ഒഴിവുകളിലേയ്ക്ക് ടൈപ്പിസ്റ്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട താഴെപ്പറയുന്ന 3 യു.ഡി.ടൈപ്പിസ്റ്റുമാർക്ക് KS&SSR ലെ പൊതുചട്ടം 28(b)(ii) പ്രകാരം 14620-25280 രൂപാ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റുമാരായി ടിയാൾക്കാരുടെ പേരിനു നേരെ ചേർത്തിരിയ്ക്കുന്ന തീയതി മുതൽ സ്ഥാനക്കയറ്റം നൽകി അതാത് സ്ഥാപനങ്ങളിൽ തന്നെ നിയമിച്ച് ഉത്തരവാകുന്നു.

സ്ഥാനക്കയറ്റം ലഭിയ്ക്കുന്ന ടൈപ്പിസ്റ്റുമാർ സേവനത്തിലുള്ള സ്ഥാപനങ്ങളിലെ ടൈപ്പിസ്റ്റ് തസ്തിക സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയാക്കി ഉയർത്തിക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, സ്ഥാപനം | സീനിയോരിറ്റി നമ്പർ | ഉദ്യോഗക്കയറ്റ തീയതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | മോഹനൻ.എൻ.വി, ഐ.ടി.ഐ മാടായി | 55 | 01.06.2013 | ശ്രീമതി.ലോബി.പി.സി സേവനത്തിൽ നിന്നും വിരമിച്ചത് |
| 2 | ശശികല.റ്റി.എൻ, ഐ.ടി.ഐ പള്ളിക്കത്തോട് | 56 | 01.11.2013 | ശ്രീ.ഫ്രാൻസിസ്.പി.കെ സേവനത്തിൽ നിന്നും വിരമിച്ചത് |
| 3 | സജീവ്.വി, ഐ. ടി.ഐ പുഴക്കാട്ടിരി | 58 | 26.01.2014 | ശ്രീമതി.സീന.വി.ആർ -ന്റെ തസ്തിക മാറ്റം |

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ G.O(P)85/2011/Fin തീയതി 26.2.2011 പ്രകാരമുള്ള ഓപ്ഷൻ നൽകേണ്ടതാണ്.

ഒപ്പ്
അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-1. വകുപ്പ് വെബ് സൈറ്റ്
2. എസ്.എഫ് (എ3)

// ഉത്തരവിൻപ്രകാരം //

സീനിയർ സൂപ്രണ്ട്

R/23/4/2014